# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *75

02.12.2015-ലെ മറുപടിക്ക്

## ഉൾനാടൻ ജലാശയ മലിനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ബി.അബ്ദുൽ റസാക്<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി) |
| (എ) പ്രധാന വിനോദസഞ്ചാര ഡസ്റ്റിനേഷനായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും, വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത വിഷയത്തിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, വിവിധ വകുപ്പുകളുടെ ഏകോപനവും, പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ? | (ബി) കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടെയും, കായലോരങ്ങളുടെയും മലിനീകരണം തടയുന്നതിനും പ്രധാനമായും ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും പൊതുജനപങ്കാളിത്തത്തിലൂടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലും കോട്ടയത്തും ഓരോ "Sewage Treatment Plant" (STP)-കൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം സ്ഥാപിച്ചിട്ടുണ്ട്. Port Department ഉം ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഏകോപിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

Anuradha

സെക്ഷൻ ഓഫീസർ